# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1112

02.03.2017-ൽ മറുപടിയ്ക്ക്

### ചേലക്കര ബൈപ്പാസ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചേലക്കര ബൈപ്പാസ് നിർമ്മാണ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കാമോ; ഇനി എന്തെല്ലാം നടപടി ക്രമങ്ങളാണ് ഇതിൽ പൂർത്തീകരിക്കാനുളളത്; | (എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച്, ചേലക്കര ബൈപ്പാസ് നിർമ്മാണ പ്രവൃത്തി KIIFB വഴി നടപ്പിലാക്കുന്നതിനായി 27.09.2016-ലെ സ.ഉ. (സാധാ) നം. 1324/2016/ പൊ.മ.വ. പ്രകാരം 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെ (RBDCK) നിയമിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. പൊതുമരാമത്തുവകുപ്പുതന്നെ തയ്യാറാക്കാമെന്നു ആർ.ബി.ഡി.സി.കെയെ അറിയിച്ചിട്ടുണ്ട്. ആയതു സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ചേലക്കര ബൈപ്പാസ് നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) ഡി.പി.ആർ KIIFB അംഗീകരിച്ചതിനു ശേഷം പ്രസ്തുത പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ